● മുഹമ്മദുൽ ഗസാലി

# നിന്റെ ശത്രു നീ തന്നെ

താൻ നടത്തുന്ന ഗൗരവമാർന്ന ഓരോ ഇടപാടും കൃത്യമായി കുറിച്ചുവെക്കാൻ മനുഷ്യന്റെ കൈവശം പുസ്തകമുണ്ട്. അതിലവൻ വരവ് ചെലവുകളും ലാഭനഷ്ടങ്ങളും എഴുതി വെക്കുന്നു. എന്നാൽ ജീവിതത്തിന്റെ കണക്കോ? അതിലെ ഉയർച്ച താഴ്ചകൾ രേഖപ്പെടുത്തുന്ന പുസ്തകം സാധാരണ ആരും സൂക്ഷിക്കാറില്ല. നാം ചെയ്തതും ചെയ്യാൻ പോകുന്നതുമായ നന്മതിന്മകൾ ഒരു പുസ്തകത്തിൽ എഴുതിവെച്ചു നോക്കുക. ഇടക്കിടെ മൊത്തം കണക്കുകളും ലാഭനഷ്ടങ്ങളും കൂട്ടിനോക്കുക.

സ്വയം വിചാരണ ചെയ്യാതെയും കണക്കുകൾ രേഖപ്പെടുത്താതെയും തന്നിഷ്ട പ്രകാരം മനുഷ്യൻ ജീവിക്കുകയാണെങ്കിൽ, അവിവേകി സമ്പത്ത് വാരിയെറിഞ്ഞ് നശിപ്പിക്കുന്ന പോലെ നമ്മുടെ ജീവിതം ശിഥിലമായിപ്പോകും. കഴിഞ്ഞ കാലത്തിൽനിന്ന് പാഠങ്ങൾ പഠിക്കാൻ നമുക്ക് കഴിയാതെ വരും. ഭൂതകാലത്തെ തെറ്റുകളോടും വീഴ്ചകളോടും കൂടിയായിരിക്കും അപ്പോൾ നാം ഭാവിയെ വരവേൽക്കുക.

അല്ലാഹുവിന് ചില കണക്ക് സൂക്ഷിപ്പുകാരുണ്ട്. കർമങ്ങളോരോന്നും അണുതൂക്കം അവർ രേഖപ്പെടുത്തുന്നുണ്ട്. നമ്മുടെ കർമങ്ങളുടെ ഒരു നീണ്ട പട്ടിക അവർ തയാറാക്കികൊണ്ടിരിക്കുന്നു. 'അങ്ങനെ കർമരേഖകൾ മുമ്പിൽ വെക്കപ്പെടും. അപ്പോൾ പാപികൾ തങ്ങളുടെ ജീവിതപുസ്തകത്തിന്റെ ഉള്ളടക്കത്തിൽ സംഭ്രമചിത്തരാകുന്നത് നിനക്കു കാണാം. അവർ കേണു കൊണ്ടിരിക്കും. ഹാ... ഞങ്ങളുടെ ദൗർഭാഗ്യം. എന്തൊരു പുസ്തകമാണിത്. ഞങ്ങളുടെ ചെറുതും വലുതുമായ യാതൊരു ചലനവും ഇതിൽ വിട്ടുകളഞ്ഞിട്ടില്ലല്ലോ. അവർ പ്രവർത്തിച്ചതൊക്കെയും മുമ്പിൽ ഹാജറായി കാണുന്നു. നിന്റെ റബ്ബ് ആരോടും അൽപവും അന്യായം ചെയ്യുന്നവനല്ല' (*അൽകഹ്ഫ്*: 49).

അപ്പോൾ നമ്മെ ശരിക്കും ബാധിക്കുന്ന ഈ കണക്ക് പരിശോധിക്കേണ്ടത് നിർബന്ധ കാര്യമല്ലേ? ഈ കണക്കെടുപ്പില്ലായ്മ ജീവിത വിശുദ്ധിയും ദൃഢവിശ്വാസവുമില്ലാത്ത ആളുകളെ തിരിച്ചറിയാനുള്ള അടയാളമായി ഖുർആൻ എണ്ണിയിരിക്കുന്നു. 'ആണ്ടുതോറും ഒന്നോ രണ്ടോ തവണ തങ്ങൾ പരീക്ഷണത്തിലകപ്പെട്ടു കൊണ്ടിരിക്കുന്നത് ഈ കപട വിശ്വാസികൾ കാണുന്നില്ലേ? പക്ഷേ, എന്നിട്ടും അവർ പശ്ചാത്തപിക്കുന്നില്ല. യാതൊരു പാഠവും പഠിക്കുന്നില്ല' (*അത്തൗബ*: 126).

നബി(സ) പറഞ്ഞു: 'സ്വയം വിചാരണ നടത്തുകയും മരണാനന്തര ജീവിതത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവനത്രെ ബുദ്ധിമാൻ. ജഡികേഛകളുടെ ദാസനായി അല്ലാഹുവിൽ ആശയർപ്പിക്കുന്നവൻ ദുർബലനാകുന്നു' (തിർമുദി).

ഉമർ(റ) പറഞ്ഞു: 'നിങ്ങൾ വിചാരണ ചെയ്യപ്പെടും മുമ്പ് സ്വയം വിചാരണ ചെയ്യുക. നിങ്ങളുടെ കർമങ്ങൾ തൂക്കപ്പെടുംമുമ്പ് സ്വയം കർമങ്ങളെ തൂക്കി നോക്കുക.'

ആത്മവിചാരണയും അതിന്റെ ഗൗരവവും പ്രാധാന്യവും വിവരിക്കുന്ന ധാരാളം പുസ്തകങ്ങൾ പണ്ഡിതന്മാർ രചിച്ചിട്ടുണ്ട്, ഇമാം അബൂഹാമിദ് ഗസ്സാലിയുടെ *ഇഹ്യാ ഉലൂമിദ്ദീൻ* പോലെ. ഇബ്നു മുഖഫ്ഫഅ് അഭിപ്രായപ്പെടുന്നു. 'ഒരാൾ തന്റെ എല്ലാ കാര്യവും രേഖപ്പെടുത്തണം. വലതുഭാഗത്തെ പേജ് നന്മക്കും ഇടതുഭാഗം തിന്മക്കുമായി നീക്കിവെക്കണം.'

അമേരിക്കൻ പണ്ഡിതനും എഴുത്തുകാരനുമായ ഡേൽ കാർനേഗ് പറയുന്നു: 'മനുഷ്യൻ താൻ ചെയ്യുന്ന തിന്മകളെല്ലാം എഴുതിവെക്കണം. കാരണം, അവന് ഏറെ പ്രയാസമുള്ള കാര്യം അവന്റെ വീഴ്ചകളും തെറ്റുകളും ശരിയാക്കലാണ്. നിലവിലെ തെറ്റുതിരുത്തിയാലേ ഭാവിയിൽ വിജയമുണ്ടാകൂ.'

അദ്ദേഹം തുടരുന്നു: 'എന്റെ മേശയുടെ അറകളിലൊന്നിൽ ഒരു പ്രത്യേക ഫയലുണ്ട്. ഞാൻ ചെയ്തുപോയ എല്ലാ മണ്ടത്തരങ്ങളും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്റെ ജീവിതത്തിലെ വീഴ്ചകളുടെയും തെറ്റുകളുടേയും രേഖയായി അതിനെ കണക്കാക്കാം. ചിലത് ഞാൻ പറഞ്ഞുകൊടുത്ത ശേഷം മറ്റൊരാൾ രേഖപ്പെടുത്തിയതാണ്. മറ്റു ചിലതാകട്ടെ ലജ്ജ കാരണം ഞാൻ എഴുതിയതും. എന്റെ മനഃസാക്ഷിയോട് ഞാൻ നീതി പുലർത്തിയിരുന്നുവെങ്കിൽ, മണ്ടത്തരങ്ങളും വീഴ്ചകളും രേഖപ്പെടുത്തിയ ഫയലുകളാൽ എന്റെ ഓഫീസ് നിറയുമായിരുന്നു. ഭൂതകാലത്ത് അതിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ പുറത്തെടുത്ത് വീണ്ടും വായിക്കുമ്പോൾ നിലവിലെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ഞാൻ പ്രാപ്തനാണെന്ന തോന്നൽ എനിക്കുണ്ടാകാറുണ്ട്.'

നന്മയിലും ഉദാത്ത സ്വഭാവത്തിലും മനസ്സിനെ മെരുക്കിയെടുക്കുന്നതിനും തിന്മയിൽനിന്നും വഴികേടിൽനിന്നും അതിനെ അകറ്റി നിർത്തുന്നതിനും ദീർഘകാലത്തെ മേൽനോട്ടവും കണക്കെടുപ്പും അത്യാവശ്യമാണ്. തകർന്നടിഞ്ഞ വീടിന്റെ മുകളിൽ പുതിയൊരു വീട് യാതൊരു മുന്നൊരുക്കമോ ശ്രദ്ധയോ ഇല്ലാതെ പെട്ടെന്ന് പണിതുയർത്താൻ പറ്റില്ല. അപ്പോൾ മനസ്സിന്റെ നിർമാണവും ഭാവിയെ പടുത്തുയർത്തലും എങ്ങിനെയായിരിക്കണം? അശ്രദ്ധമായി അതു പൂർത്തിയാക്കാമെന്നാണോ വിചാരം? സൂക്ഷ്മമായി കണക്കുകൾ രേഖപ്പെടുത്തലും നിതാന്ത ജാഗ്രതയും താരതമ്യം ചെയ്യലുമെല്ലാം അതിന് അനിവാര്യമാണ്. കഴിഞ്ഞുപോയ ജീവിതം നിരൂപണം നടത്തുകയും അതിനൊത്ത് മനസ്സിനെ പുതുക്കിക്കൊണ്ടിരിക്കുകയും ചെയ്യണം. അപ്പോൾ നിനക്ക് വിജയം വരിക്കാം.

**വിവ: അബ്ദുർറഹ്മാൻ തുറക്കൽ**